"ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തിനു സ്തുതി"



സെനക്കിൾ

G1/29/2020 20-11-2020

എനിക്കേറ്റം പ്രിയപ്പെട്ടവരായ പ്രൊവിൻഷ്യാളമ്മമാരെ, മദർമാരെ, സഹോദരിമാരെ, വാത്സല്യം നിറഞ്ഞ കൊച്ചുമക്കളെ,

നിങ്ങൾ ഓരോരുത്തരോടുമുള്ള എന്റെ സ്നേഹവും വാത്സല്യവും പ്രാർത്ഥനയും ആശംസകളും ആദ്യം തന്നെ അറിയിക്കട്ടെ. ഒപ്പം ജനറൽ ടീമിലെ എല്ലാവരുടേയും സ്നേഹാന്വേഷണങ്ങളും. ഞങ്ങൾക്കു സുഖമാണ്. ഒരു ദുഃഖമേയുള്ളു. പ്രായമായവരേയും രോഗികളായവരേയും മരണാസന്നരായവരേയും മരണം വഴി വേർപിരിയുന്നവരേയും ഒന്നും കാണാൻ പറ്റുന്നില്ലല്ലോ എന്ന ദുഃഖം. കൊറോണ നമ്മെ അകലങ്ങളിലാക്കിയിരിക്കുകയാണല്ലൊ. എങ്കിലും നമുക്ക് പ്രത്യാശ കൈവെടിയാതിരിക്കാം. ഇരുളും കാർമേഘങ്ങളും മാറി സൂര്യനുദിച്ചുനിൽക്കുന്ന ദിവസങ്ങൾ തീർച്ചയായും വരും. ഇരുളിലും മറഞ്ഞിരിക്കുന്ന ദൈവികചൈതന്യം നമ്മുടെ ജീവിതത്തെ പ്രഭാപൂരിതമാക്കട്ടെ.

സെനക്കിളിൽ ഞങ്ങളെല്ലാവരും സന്തോഷമായിരിക്കുന്നു. മിക്കവാറും എല്ലാ പ്രോവിൻസുകളുടേയും സാന്നിദ്ധ്യം ഇവിടെയുണ്ടല്ലോ. അതുകൊണ്ട് പ്രോവിൻസുകളിലെ വിശേഷങ്ങളെല്ലാംതന്നെ അറിയുന്നുണ്ട്. ഇവിടുത്തെ വിശേഷങ്ങൾ നിങ്ങളും അറിഞ്ഞുകൊണ്ടാണിരിക്കുന്നതെന്ന് കരുതുന്നു. ലോക്ക്ഡൗൺ പ്രമാണിച്ച് പൊതുവായ പ്രോഗ്രാമുകൾ അധികമില്ലാത്തതിനാൽ സെനക്കിളിന്റെ പറമ്പും പരിസരങ്ങളുമെല്ലാം ഇപ്പോൾ കൂടുതൽ സജീവമാണ്. പലതരം പൂക്കളും ഫലവൃക്ഷങ്ങളും സസ്യലതാദികളും ജീവജാലങ്ങളും കൊണ്ട് സെനക്കിൾ ചുറ്റുപാടുകൾ സമലംകൃതമാണിപ്പോൾ. കോഴികൾ, താറാവുകൾ, കാടപക്ഷികൾ, രാജഹംസങ്ങൾ, ഗിനിക്കോഴികൾ, മുയലുകൾ, മത്സ്യങ്ങൾ, പശുക്കിടാങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ജീവജാലങ്ങളുടെ സമീപത്തുകൂടി ഇന്നത്തെ സായാഹ്നത്തിൽ നടന്നുനീങ്ങിയപ്പോൾ മനസ്സിലുദിച്ചുയർന്ന ഒരു സദ്ചിന്തയാണ് ഈ സർക്കുലറിലൂടെ ക്രിസ്തുമസ്സ് സന്ദേശമായി നിങ്ങൾക്കു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നത്. 300 ഓളം കോഴികളും കാടപക്ഷികളും ഉൾപ്പെടുന്ന പക്ഷിവർഗ്ഗങ്ങളുടെ പാർക്ക്, വൈവിധ്യമാർന്ന ശബ്ദങ്ങളാൽ മുഖരിതമാണ്. ഓരോന്നിനും അതിന്റേതായ സൗന്ദര്യവും നന്മകളുമുണ്ട്. എന്നാൽ ഇവിടെ എന്നെ ഹഠാദാകർഷിച്ച ഒരു പക്ഷിവംശമുണ്ട്. മണിത്താറാവുകൾ (flying ducks). Flying ducks എന്ന പേര് സൂചിപ്പിക്കുന്നതുപോലെതന്നെ അവ പറക്കുന്നവയാണ്. എല്ലാവരേയും ആകർഷിച്ചുകൊണ്ട് ഒരു തെങ്ങിനോളം ഒക്കെ ഉയരത്തിൽ ഇവ പറന്നുയരും. കാഴ്ചയിലും അവർ സുമുഖർ തന്നെ. എന്നാൽ തങ്ങളുടെ മഹിമയും സൗന്ദര്യവും ഒന്നും വിളിച്ചോതുവാൻ യാതൊരു വ്യഗ്രതയും അവയ്ക്കില്ല. മറ്റു പക്ഷിവംശജരെല്ലാം വാചാലമാകുമ്പോഴും, മുട്ടയിട്ടിട്ട് മുറവിളി കൂട്ടുമ്പോഴും ഇവർ അധികം വാചാലരൊന്നുമല്ല. എന്നാൽ എന്നെ ആകർഷിച്ചത് മുട്ടയിട്ടിട്ട് 33 ദിവസം അതിന്മേൽ ഏകാഗ്രചിത്തയായി അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിച്ച മണിത്താറാവിന്റെ ഏകാഗ്രതയും ആന്തരിക നിശബ്ദതയും ലക്ഷ്യബോധവും താപസികതയുമാണ്. പറക്കാമായിരുന്നിട്ടും ഈ 33 ദിവസങ്ങളവൾ പറന്നില്ല. ഇണയോടൊപ്പം കറങ്ങിനടക്കാമായിരുന്നെങ്കിലും ഈ 33 ദിവസങ്ങൾ അവൾ കറങ്ങിനടന്നില്ല. ശത്രുക്കളുടെ ആക്രമണമുണ്ടാകാതെ നിതാന്ത ജാഗ്രതയോടെ 33 രാവും പകലും മുട്ടകളിന്മേൽ അടയിരുന്നപ്പോൾ ശരീരം മരവിച്ചുപോയെന്നും വേദനിച്ചെന്നും മടുത്തെന്നും അവൾക്കു പരാതിയില്ല.

കുഞ്ഞുങ്ങൾക്കു ജന്മം നൽകാനുള്ള വലിയ ലക്ഷ്യത്തിന് തടസ്സം സൃഷ്ടിക്കുമാറ് ആരെങ്കിലും ഈ സമയത്ത് അടുത്തെത്തിയാൽ ശത്രുവിനെ തോൽപിച്ചോടിക്കുവാൻ സർവ്വ ആയുധങ്ങളും അവൾ ധരിക്കും. ലക്ഷ്യത്തിലെത്തുവോളമുള്ള മണിത്താറാവിന്റെ സൂക്ഷ്മതയും ജാഗ്രതയും നമ്മൾ കണ്ടുപഠിക്കേണ്ടതു തന്നെ. 32-ാം ദിവസം 11 മുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവന്നെങ്കിലും ഒരു മുട്ട കൂടി വിരിയാനുണ്ടെന്നു മനസ്സിലാക്കി അവസാനത്തെ കുഞ്ഞിനും ജന്മം കൊടുക്കുന്നതുവരെ അവൾ ത്യാഗത്തോടെ ലക്ഷ്യത്തിൽ ഉറച്ചുനിന്നു. ഇപ്പോൾ 12 കുഞ്ഞുങ്ങൾക്കു ജന്മം നൽകി നല്ലൊരമ്മയായി മാറിയതിന്റെ ആഹ്ലാദത്തിലാണവൾ. അമ്മയും കുഞ്ഞുങ്ങളും ഇപ്പോൾ ഒന്നിച്ചു കുളിക്കുന്നു, ഒന്നിച്ചുല്ലസിക്കുന്നു.

പ്രിയപ്പെട്ട സഹോദരിമാരെ, നമ്മൾ എല്ലാവരും വ്യത്യസ്തരും വൈവിധ്യമാർന്ന താലന്തുകൾ ഉള്ളവരുമാണ്. അതിൽ തീർച്ചയായും നമുക്ക് സന്തോഷിക്കാം. വൈവിധ്യമാർന്ന കരോൾ ഗാനങ്ങൾ രചിക്കുന്നതിലും ആലപിക്കുന്നതിലും വൈവിധ്യമാർന്ന ക്രിസ്തുമസ്സ് ട്രീകളും പുൽക്കൂടുകളും നിർമ്മിക്കുന്നതിലും അലങ്കരിക്കുന്നതിലും നൂതനത്വമുള്ള ഭക്ഷ്യവിഭവങ്ങൾ കൊണ്ട് ക്രിസ്തുമസ്സ് സദ്യ ഒരുക്കുന്നതിലുമെല്ലാം നമ്മൾ മിടുക്കരാണ്. എന്നാൽ ആംഗ്ലേയ കവിയായ അലക്സാണ്ടർ പോപ്പിന്റെ, നമുക്കെല്ലാം സുപരിചിതമായ വരികൾ ഈ ക്രിസ്തുമസ്സ് ഒരുക്കനാളുകളിൽ നമുക്ക് പ്രത്യേകമായോർക്കാം. ആയിരം പുൽക്കൂടുകളിൽ ഉണ്ണി ഈശോ പിറന്നാലും എന്റെ ഹൃദയത്തിൽ ഈശോ പിറക്കുന്നില്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. ഇവിടെയാണ് കുഞ്ഞുങ്ങൾക്കു ജന്മം നൽകാൻ വേണ്ടിയുള്ള മണിത്താറാവിന്റെ ഏകാഗ്രതയും താപസികതയും എന്തും ഉപേക്ഷിക്കാനുള്ള സന്നദ്ധതയും, ശത്രുക്കളെ വിരട്ടിയോടിക്കാനുള്ള നിതാന്ത ജാഗ്രതയും നമ്മൾ കണ്ടുപഠിക്കേണ്ടത്.

ഡിസംബർ ഒന്നാം തിയതി ക്രിസ്തുമസ്സിനുവേണ്ടിയുള്ള ഒരുക്കനാളുകളിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. മത്സ്യവും മാംസവും ഉപേക്ഷിക്കാനും ആഴ്ചയിലൊന്ന് ഒരുനേരം എടുക്കാനുമൊക്കെ എളുപ്പമാണ്. എന്നാൽ ഹൃദയത്തിൽ ഉണ്ണിയേശുവിന് ജന്മം നൽകാൻ വേണ്ടി ഒരുപക്ഷെ കുറച്ചുകൂടി നമുക്ക് പ്രയാസമുള്ള വിധത്തിൽ ഒരു ദൈവവചനത്തിന്മേലുള്ള 25 ദിവസത്തെ സവിശേഷമായ അടയിരിപ്പിന് നിങ്ങളേവരേയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുകയാണ്. "പരിശുദ്ധാത്മാവ് നിന്റേമേൽ വരും അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും". (ലൂക്ക. 1/35). ഇതാണ് ആ ദൈവവചനം. ഈ ദൈവവചനത്തിന്മേലുള്ള 25 ദിവസങ്ങളിലെ തീവ്രമായ അടയിരിപ്പിനു ശേഷം സഭാംഗങ്ങളായ സകലരുടേയും ഹൃദയങ്ങളിൽ ഈശോ ജന്മമെടുക്കണം. ദൈവപുത്രരുടെ പരിശുദ്ധിയോടെ ഈ കൊറോണക്കാലത്തെ ക്രിസ്തുമസ്സ് നമുക്ക് ആഘോഷിക്കണം. അതിന് മണിത്താറാവിന്റെ ഏകാഗ്രതയും നിതാന്തജാഗ്രതയും നമുക്കുണ്ടാകട്ടെ. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ വേരുപാകി അടിയുറയ്ക്കുവാൻ തടസ്സമായതെല്ലാം സമൂലം ഉപേക്ഷിക്കുവാൻ തീരുമാനമുണ്ടാകട്ടെ. പണ്ടൊക്കെ ഈ 25 ദിവസങ്ങളിലും കത്തുകളും ഫോണുകളും നമ്മൾ സമൂലം ഉപേക്ഷിക്കുമായിരുന്നു. ഈശോയുടെ സ്നേഹത്തിൽ നിന്നും നമ്മെ അകറ്റിയേക്കാവുന്ന എല്ലാ ഫോൺ ബന്ധങ്ങളും ഈ സർക്കുലർ കിട്ടുന്ന അന്നു തന്നെ block ചെയ്യുക. മണിത്താറാവിനെപ്പോലെ ശത്രുക്കളെ ആട്ടിയോടിക്കുക. 'no' പറയേണ്ടിടത്ത് 'no' പറയുക തന്നെ ചെയ്യുക. സീരിയലുകളും സിനിമകളുമെല്ലാം വിലകൊടുത്ത് വിഛേദിക്കുക. ലൂക്ക 1/35 മേൽ സദാ അടയിരിക്കുക. ഹൃദയത്തിന്റെ നിശ്ശബ്ദതയിൽ അത് ഉരുവിട്ടു നടക്കുക. മണിത്താറാവുകളെപ്പോലെ ഈ 25 ദിവസങ്ങളിലും മൗനവും നിശ്ശബ്ദതയും കാത്തു സൂക്ഷിക്കുക. വളരെ അത്യാവശ്യമായ കാര്യങ്ങൾക്കു മാത്രമേ ഈ 25 ദിവസങ്ങളിൽ ഫോൺ കൈകളിലെടുക്കാവു. സഹോദരങ്ങളുമായി സൗഹൃദം പങ്കിടേണ്ട ഉല്ലാസസമയത്തും ദൈവൈക്യത്തിലായിരിക്കേണ്ട പ്രാർത്ഥനാ സമയത്തും ആരും ഫോൺ കൊണ്ടു നടക്കരുതേ. ചിതമല്ലാത്തതും ആവശ്യമില്ലാത്തതുമായ ഫോൺ സംഭാഷണങ്ങളും, സിനിമയും സീരിയലും പകർന്നു നൽകുന്ന താൽക്കാലിക സന്തോഷം വേണമോ, അതോ ഹൃദയത്തിൽ ഈശോ ജന്മമെടുത്തുകഴിയുമ്പോഴുള്ള സ്ഥിരമായ ആത്മീയസന്തോഷവും ദൈവരാജ്യഅനുഭവവും വേണമോയെന്ന് സ്വയം തീരുമാനിക്കുക. അനുസരിക്കാൻ മനസ്സുണ്ടെങ്കിൽ തീർച്ചയായും നമ്മൾ ഐശ്വര്യം പ്രാപിക്കും. പരിശുദ്ധാത്മാവ് നമ്മുടെ മേൽ വരും. അത്യുന്നതന്റെ ശക്തിയാൽ ആവസിക്കപ്പെട്ട്, ഹൃദയങ്ങളിൽ ഈശോയ്ക്ക്

ജന്മം നൽകി, ദിവ്യകാരുണ്യനാഥന്റെ സാക്ഷാൽ സമർപ്പിതരായി നമ്മൾ മാറും. പരിശുദ്ധാത്മഫലങ്ങളായ സ്നേഹവും സന്തോഷവും സമാധാനവും ക്ഷമയും ദയയും, നന്മയും സൗമ്യതയും വിശ്വസ്തതയും ആത്മസംയമനവും നമ്മിൽ ദൃശ്യമാകും. നിശ്ശബ്ദതയും താപസികതയും ഏകാഗ്രതയും കാത്തുസൂക്ഷിച്ച് കുഞ്ഞുങ്ങൾക്കു ജന്മം നൽകി ആനന്ദിക്കുന്ന സെനക്കിളിലെ മണിത്താറാവിനെപ്പോലെ സഹസമർപ്പിത രുമൊത്ത് ആനന്ദിച്ചാഹ്ലാദിക്കുവാനും ഹൃദയാനന്ദത്തോടെ ക്രിസ്തുമസ്സ് ആഘോഷിക്കുവാനും ദൈവം ഇടയാക്കുകയും ചെയ്യും. തിരുവചനം പറയുന്നതു പോലെ "കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ".

പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുനാളും അടുത്തുവരികയാണല്ലൊ. നമ്മുടെ ഇല്ലായ്മ കളും പോരായ്മകളും ആഗ്രഹങ്ങളും സ്വപ്നങ്ങളുമെല്ലാം പ. അമ്മയുടെ വിമല ഹൃദയത്തിൽ നമുക്ക് ഭര മേൽപിക്കാം. അനുദിനം നമ്മുടെ കുരിശുമെടുത്ത് ഈശോയെ പിൻതുടർന്നും, തീക്ഷണതയോടും വിശ്വ സ്തതയോടും ഏകാഗ്രതയോടും സ്നേഹത്തോടും കൂടെ ജീവിച്ചും ഹൃദയത്തിൽ ഈശോയ്ക്കു ജന്മം നൽകുവാൻ അമ്മ തന്നെ നമ്മെ പഠിപ്പിക്കട്ടെ.

**അറിയിപ്പുകൾ**

1. കഴിഞ്ഞ 3 വർഷങ്ങളിലായി പണിപ്പുരയിലായിരുന്ന നമ്മുടെ പുതിയ ജീവിതക്രമം ഡിസംബർ 8-ാം തിയതി നമ്മൾ പ്രസിദ്ധീകരിക്കുകയാണ് എന്നറിയിക്കുവാൻ സന്തോഷമുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ online ആയിട്ടായിരിക്കും publish ചെയ്യുക. ജീവിതക്രമത്തിന്റെ ഇംഗ്ലീഷ്, മലയാളം പതിപ്പുകൾ പൂർത്തി യായിട്ടുണ്ട്. സഭാംഗങ്ങൾ മുഴുവൻ പേരുടേയും പലതലങ്ങളിലുമുള്ള ചർച്ചകളുടേയും പരിചിന്തനങ്ങളു ടേയും പങ്കുവയ്ക്കലുകളുടേയും ഫലമായിട്ടാണ് പുതിയ ജീവിതക്രമത്തിന് രൂപം കൊടുത്തിട്ടുള്ളത്. അതിനാൽ ഈ ക്രമം എല്ലാവരും സർവ്വാത്മനാ ഉൾക്കൊണ്ട് അവയനുസരിച്ച് ജീവിത വിശുദ്ധി പ്രാപി ക്കാൻ തയ്യാറാകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ജീവിതക്രമം ഈ രൂപത്തിലും ഭാവ ത്തിലുമായിത്തീരാൻ അദ്ധ്വാനിച്ചവർ നിരവധിയാണ്. ഓരോരുത്തരുടേയും സംഭാവനകളെ ഏറ്റം നന്ദി യോടെ ഞാൻ ഓർക്കുന്നു. ഏറ്റം പ്രത്യേകമായി ജനറൽ കൗൺസിലർ Sr. Jessy Maria യുടെ നേതൃത്വ ത്തിലുള്ള 9 പേരടങ്ങുന്ന ടീമാണ് ഈ പുസ്തകത്തിന് അന്തിമരൂപം നൽകിയത് എന്ന കാര്യം ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. Sr. Rose Kunnathupurayidom (Chy) Sr. Alphy Thottappliy (Ekm), Sr. Mary Vanchipurackal (Pala), Sr. Alphonsa Moonjely (Tcr), Sr. Brigit Muthuplackal (Klm), Sr. Maria Karotemprel (Ujn), Sr. Philo Palithottam (Tly) എന്നിവരാണ് സിസ്റ്റർ ജസ്സി മരിയയോടൊപ്പ മുണ്ടായിരുന്ന ടിം അംഗങ്ങൾ. പുസ്തകത്തിലെ ഓരോ വാക്കും സശ്രദ്ധം വായിച്ചും തിരുത്തിയും കൂട്ടി ച്ചേർത്തുമെല്ലാം ജീവിതക്രമത്തിന് അന്തിമരൂപം നൽകാൻ അക്ഷീണം പ്രയത്നിച്ച സിസ്റ്റർ ജസ്സി മരിയ യോടും ടീം അംഗങ്ങളോടും, വളരെ പ്രത്യേകമായി ഇംഗ്ലീഷ് പരിഭാഷയ്ക്കും, അവസാന മിനുക്കുപണി കൾക്കുമെല്ലാം സിസ്റ്റർ ജസ്സി മരിയയോടൊപ്പമിരുന്ന് കഠിനാദ്ധ്വാനം ചെയ്ത സി. മേരി വഞ്ചിപ്പുരക്കൽ (പാല), വളരെ ഭംഗിയായി മുദ്രണം നിർവ്വഹിച്ച നമ്മുടെ സാൻജോ പ്രസ്സിലെ (KLM) സിസ്റ്റേഴ്സ് എന്നിവ രോടുമുള്ള നന്ദിയും സ്നേഹവും അഭിനന്ദനങ്ങളും ഞാനിവിടെ രേഖപ്പെടുത്തുകയാണ്.

2. നേരത്തേ സർക്കുലർ വഴി അറിയിച്ചിരുന്നതുപോലെ ആത്മദർശന്റെ ആദ്യ ബാച്ച് കോതമംഗലം പ്രോവിൻസിന്റെ തൊടുപുഴ ദിവ്യകാരുണ്യഭവനത്തിനോടനുബന്ധിച്ചുള്ള ESGCC (Echaristic Spirituality and Grace Counseling Centre) ൽ വച്ച് ഡിസംബർ 1-ാം തിയതി ആരംഭിക്കുകയാണ്. 50 പേരാണ് participants.. അവർക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

3. നിത്യവ്രതത്തിനൊരുക്കമായുള്ള പ്രണിധാൻ നവംബർ 30 - ാം തിയതി സെനക്കിളിൽ ആരംഭിക്കുന്നു. പ്രണിധാനിൽ പങ്കെടുത്ത് നിത്യവ്രതത്തിനായി ഒരുങ്ങുന്ന 67 ജൂണിയർ സിസ്റ്റേഴ്സിനെ നിങ്ങളുടെ പ്രാർത്ഥനയ്ക്കായി സമർപ്പിക്കുന്നു. 2021 ഏപ്രിൽ 12- ാം തിയതി ആയിരിക്കും ഇവരുടെ നിത്യവ്രതം.

4. അമലോത്ഭവമാതാവിന്റെ പരിശുദ്ധനാമം സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ച ധാരാളംപേർ നമ്മുടെ സന്യാസസമൂഹത്തിലുണ്ടല്ലൊ. ഡിസംബർ 8-ാം തിയതി എന്നോടൊപ്പം നാമഹേതുകതിരുനാൾ ആഘോ ഷിക്കുന്ന എല്ലാവർക്കും പ്രാർത്ഥനാശംസകളും ഭാവുകങ്ങളും സ്നേഹപൂർവ്വം ഞാൻ നേരുന്നു. കൊറോ ണയുടെ ഇപ്പോഴത്തെ സാഹചര്യത്തിൽ ആശംസകൾ നേരാനായി ആരും സെനക്കിളിലേക്ക് വരേണ്ടതി ല്ലെന്ന് സ്നേഹപൂർവ്വം ഞാൻ അറിയിക്കുകയാണ്. അത്യാവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കേണ്ടത് ഈ

സമയത്ത് അനിവാര്യമാണല്ലൊ. നിങ്ങളുടെ സ്നേഹവും ആത്മാർത്ഥതയും എനിക്കറിയാം. ഫോർമാലിറ്റി കൾക്കപ്പുറത്തുള്ള ഒരു ബന്ധം നമുക്കുണ്ടല്ലൊ. അതുകൊണ്ട് പ്രാർത്ഥിച്ചാൽ മാത്രം മതി. അതുപോലെ ക്രിസ്തുമസ് കാർഡുകളും എനിക്കോ, കൗൺസിലേഴ്സിനോ ഈ വർഷം അയയ്ക്കേണ്ടതില്ല. പട്ടിണി കൊണ്ടും ദാരിദ്ര്യം കൊണ്ടും തൊഴിലില്ലായ്മ കൊണ്ടും കഷ്ടപ്പെടുന്ന ഒരുപാട് സാധാരണമനുഷ്യർ നമ്മുടെ ചുറ്റിലുമുണ്ട്. മറ്റുള്ളവരുടെ മുൻപിൽ കൈ നീട്ടാൻ പറ്റാത്തവർ. ഫീസ്റ്റിനോടനുബന്ധിച്ച് സെന ക്കിളിൽ തരാൻ നിങ്ങൾ ആഗ്രഹിക്കുന്ന സമ്മാനങ്ങളും ക്രിസ്തുമസ് കാർഡുകളയയ്ക്കാൻ ചെലവാ ക്കുന്ന തുകയുമൊക്കെ ഈ വർഷം അതർഹിക്കുന്ന ചുറ്റുപാടുമുള്ള സാമ്പത്തിക ഞെരുക്കമനുഭവിക്കുന്ന വർക്കായി ഔചിത്യപൂർവ്വം സമ്മാനിച്ച് ഈ വർഷത്തെ ഫീസ്റ്റ് വേറിട്ട ഒരാഘോഷമാക്കാം. സ്നേഹത്തിലും പ്രാർത്ഥനയിലും നമുക്ക് കണ്ടുമുട്ടാം.

കോവിഡ് മഹാമാരിയുടെ മധ്യത്തിലും സമാധാനവും പ്രത്യാശയും നിറഞ്ഞ ഒരു ക്രിസ്തുമസ്സ് നിങ്ങ ളേവർക്കും ഏറ്റം സ്നേഹപൂർവ്വം ഞാൻ ആശംസിക്കുന്നു. ഒപ്പം അമലോത്ഭവതിരുനാൾ മംഗളങ്ങളും. നിറുത്തട്ടെ

ഒത്തിരി സ്നേഹത്തോടെ,
സ്വന്തം അമ്മ.

Sr. Grace Perumpanany SABS
Superior General




